ശ്രീ. ടി. കെ. രാമകൃഷ്ണൻ : പൊതുപ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെയാണോ എടുക്കുന്നതെന്നു പറഞ്ഞു. ഏതു പൊതുപ്രവർത്തനമെന്നാണോ ഉദ്ദേശിക്കുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : ഖാദിഗ്രാമവ്യവസായപ്രവർത്തനങ്ങളും മറ്റും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ രണ്ടു എം. എൽ. എ. മാരും ഖാദിഗ്രാമവ്യവസായവുമായി ബന്ധപ്പെട്ടവരാണോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെന്നാണു് അറിയുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ രണ്ടുപേരും ബോർഡിൽ ഉള്ളപ്പോൾ മറ്റു രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരും അതിൽ ഇല്ലെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : രാഷ്ട്രീയപാർട്ടിയെന്ന പരിഗണനവച്ചുകൊണ്ടല്ല എടുത്തിട്ടുള്ളതു്. നേരേമറിച്ചു് ഖാദിഗ്രാമവ്യവസായവുമായി ബന്ധപ്പെട്ടിട്ടുള്ളവരെയാണു് എടുത്തിട്ടുള്ളതു്. അവർ രാഷ്ട്രീയപാർട്ടിയിൽപെട്ടവരും അല്ലാത്തവരുമാകാം.

ശ്രീ. പി. ടി. ചാക്കോ : ഈ ബോർഡിലുള്ള ചില അംഗങ്ങൾ ഖാദി ധരിക്കുകപോലും ചെയ്യുകയില്ലെന്നും മറ്റു് എം. എൽ. എ. മാർ വളരെക്കാലമായി ഖാദി ധരിക്കുകയെങ്കിലും ചെയ്യുന്നവരാണെന്നും ഗവൺമെന്റിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ധരിക്കുന്നതും ധരിക്കാത്തതുമൊന്നും നോക്കിയിട്ടില്ല. അതുമായി ബന്ധമുള്ളവരെ എടുക്കുമെന്നാണു് പറഞ്ഞതു്.

ശ്രീ. മാമൻ தாகன் കമിറ്റി.

* 1517. [4] ശ്രീ. എൻ. கணபதி: கீழ் காணும் விஞ்ஞக்களுக்கு தொழிலாளர் இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(എ) ശ്രീ. മാമൻ தாகன் കമിറ്റി അറിക്കയിൻ காப்பி சபை மெம்பர்களுக்കു കൊടുക്കുപ്പടുമോ;

(ബി) அதன் சுபார்சுகளை சர்க்கார் ஏன் அமுல் நடத்தவில்லை;

(സി) அதன் சிபார்சுகள் കമിറ്റിയിൻ ஏகமனதாக முடிவு செய்யப்பட்டதா ?

തൊഴിൽവകുപ്പുമന്ത്രി ശ്രീ. ടി. വി. തോമസ് :

(എ) തീരുമാനിച്ചിട്ടില്ല.

(ബി), (സി) ഇല്ല. അതുകൊണ്ടു് ശുപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

As the Member was absent the question was put by Shri M. Gopalankutty Nair with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly